പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1265 06/02/2020-ൽ മറുപടിയ്ക്ക്**

**എൽ.പി.എസ്.എ. അന്തർ ജില്ലാ സ്ഥലംമാറ്റം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി ഗീതാ ഗോപി | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | 2019-20 അധ്യയന വർഷത്തിൽ 23.04.2003-ലെ സ.ഉ.(എം.എസ്.)നം.94/2003/പൊ.വി ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിൽ എൽ.പി.എസ്.എ. അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി അപേക്ഷിച്ച അധ്യാപകർക്കാർക്കും സ്ഥലം മാറ്റം നൽകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | 2019-20 ൽ ആകെ 52 ഒഴിവുകളാണ് എൽ പി എസ് എ മാർക്കായി അന്തർജില്ലാ സ്ഥലംമാറ്റം നൽകാനായി മാറ്റി വച്ചത്. എന്നാൽ ഒ എ(ഇ കെ എം) 1382/16 ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 07/10/2016 ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 2015-16 ൽ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അനുവദനീയമായ അനുപാതത്തിന് അധികമായി എൽ പി എസ് എ മാർക്ക് തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ടെങ്കിൽ അങ്ങനെ അധികമായി വന്ന എൽ പി എസ് എ മാരെ അവരവരുടെ മാതൃജില്ലയിലേക്ക് തിരിച്ചയച്ച് പ്രസ്തുത ഒഴിവുകൾ 21/09/2016 ൽ കാലാവധി അവസാനിച്ച എൽ പി എസ് എ മാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകത്തക്കവിധം നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം പ്രായോഗികമായി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ 2015-16 ൽ അന്തർജില്ലാ സ്ഥലംമാറ്റം വഴി അധികമായി തിരുവനന്തപുരം ജില്ലയിലേക്ക് വന്ന 47 എൽ പി എസ് എ മാരെ തൊട്ടടുത്ത വർഷങ്ങളിൽ സ്ഥലംമാറി വന്നതായി കണക്കാക്കുകയും അന്തിമമായി 2019-20 ൽ ആകെ ഉണ്ടായിരുന്ന 52 ഒഴിവുകളിൽ 47 എണ്ണം അപ്രകാരവും 5 എണ്ണം 5 വർഷം പൂർത്തിയായ മറ്റ് ജില്ലയിലെ ജീവനക്കാർക്ക് അപേക്ഷിച്ചതിൻപ്രകാരം അന്തർജില്ലാ സ്ഥലം മാറ്റം നൽകിയിട്ടുണ്ട്. |
| ബി) | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 09.12.2019-ലെ ഒ.എ.1079/2019 ഉത്തരവിൻ പ്രകാരം എൽ.പി.എസ്.എ. അന്തർ ജില്ലാ സ്ഥലം മാറ്റം ട്രൈബൽ/ഹിൽസ്റ്റേഷൻ സ്കൂളുകളിൽ അടിയന്തരമായി നൽകുവാൻ തിരുവനന്തപുരം ഡി.ഡി.ഇ.യോട് നിർദ്ദേശിച്ചിട്ടും നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ 1079/2019 ലെ 09/12/2019 ലെ ഉത്തരവ് നടപ്പിലാക്കി തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ 14/01/2020 ലെ എ(4)/14834/2019/കെ.ഡിസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | 28.12.2019-ലെ പൊതുവിദ്യാഭ്യാസ വകുപ്പ് എച്ച്1/352/2019 ഉത്തരവനുസരിച്ച് പ്രസ്തുത കോടതി ഉത്തരവിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് ഡി.ഡി.ഇ.യോട് ആവശ്യപ്പെട്ടിട്ടും നടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | സർക്കാർ നിർദ്ദേശ പ്രകാരം തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ 14/01/2020 ലെ എ(4)/14834/2019/കെ.ഡിസ് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഗീതാ ഗോപി എം.എൽ.എ.യുടെ സബ്മിഷന് മറുപടിയായി കോടതിയുടെ അന്തിമവിധിക്കനുസൃതമായ തുടർനടപടി സ്വീകരിക്കുമെന്ന് സഭയിൽ ഉറപ്പ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) | അന്തിമ വിധിയ്ക്കനുസരിച്ചുള്ള നടപടി സ്വീകരിച്ച് കഴിഞ്ഞു |
| ഇ) | കെ.എ.ടി.യുടെ ഉത്തരവ് വന്നതിനുശേഷവും വിധി നടപ്പിലാക്കാതെ ട്രൈബൽ/ഹിൽസ്റ്റേഷൻ സ്കൂളുകളിൽ പുതിയ അധ്യാപകരെ നിയമിക്കുന്നത് കോടതി വിധിയുടെ ലംഘനമായതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ഇ) & (എഫ്) | പരിശോധിക്കുന്നതാണ്. |
| എഫ്) | തിരുവനന്തപുരം ജില്ലയിൽ ട്രൈബൽ/ ഹിൽസ്റ്റേഷൻ സ്കൂളുകളിൽ മുപ്പതിൽ അധികം എൽ.പി.എസ്.എ. ഒഴിവുകൾ | | |

| | | | |
|---|---|---|---|
| | നിലവിലുണ്ടെന്നതിനാൽ പ്രസ്തുത കോടതി ഉത്തരവ് അടിയന്തരമായി നടപ്പിലാക്കുവാൻ തിരുവനന്തപുരം ഡി.ഡി.ഇ.ക്ക് നിർദ്ദേശം നൽകുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ